©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## അസാധാരണം

## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2018 ഡിസംബർ 21<br>21st December 2018<br>1194 ധനു 6<br>6th Dhanu 1194<br>1940 അഗ്രഹായനം 30<br>30th Agrahayana 1940 | നമ്പർ<br>No. 3233 |

## ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം

### വിജ്ഞാപനം

നമ്പർ എൽ.ആർ.ഇ.(2)-32581/18. *തിരുവനന്തപുരം, 2018 ഡിസംബർ 18.*

2018 വർഷത്തേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി 11-12-2018-ന് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ)-ന്റെ അഡ്ഹോക്ക് യോഗം ചേർന്നു.

28-12-2017-ന് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ചേർന്ന് 2018 വർഷത്തേക്കുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കി 30-12-2017-ലെ എൽ.ആർ.ഇ.2-56300/17 നമ്പരായി വിജ്ഞാപനം (8-1-2018-ലെ അസാധാരണ ഗസറ്റ് നമ്പർ 31) പ്രസിദ്ധീകരിക്കുകയും തുടർന്ന്, 18-4-2018-ന് അഡ്ഹോക്ക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ചേർന്ന് 2018 വർഷത്തേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റ് തയ്യാറാക്കി 18-4-2018-ലെ എൽആർഇ2-5670/18 നമ്പരായി വിജ്ഞാപനം (21-4-2018-ലെ അസാധാരണ ഗസ്റ്റ് നമ്പർ 1031) പ്രസിദ്ധീകരിക്കുകയും ചെയ്തു.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/4769/2018/S-2.

കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽനിന്നും ഒഴിവാക്കി നിർത്തിയ കേസുകളുടെയും 'പ്രൊവിഷണൽ' ആയി ഉൾപ്പെടുത്തിയ കേസുകളുടെയും നിലവിലുള്ള സ്ഥിതി വിലയിരുത്തുകയും ടി ജീവനക്കാരുടെ യോഗ്യതയും കഴിവും (Merit and Ability) വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) അഡ്ഹോക്ക് യോഗം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊണ്ടു.

**1. ശ്രീ. ജയജോസ് രാജ്, സി. എൽ. (റാങ്ക് നമ്പർ—4419)**

19-8-2001-ലെ ജി. ഒ. (ആർറ്റി.) നമ്പർ 3194/2004/ആർ.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. ജയജോസ് രാജ്, സി. എൽ.-ന് കെ.എസ്.ആർ. പാർട്ട് 1 അപ്പൻഡിക്സ് XII ബി പ്രകാരം പഠനാവശ്യത്തിന് വേണ്ടി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. പിന്നീട് ടി അവധി കെ.എസ്.ആർ. റൂൾ 88 പ്രകാരമുള്ള ശൂന്യവേതനാവധിയായി തരം മാറ്റി നമ്പർ 1959/16/ആർ.ഡി. തീയതി 3-3-2016 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സീനിയോറിറ്റി പുനർനിർണ്ണയിക്കുകയും തുടർന്ന് ടിയാനെ പ്രൊവിഷണലായി 2016-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ടിയാന് അവധിയുടെ തരം മാറ്റി നൽകിയ സർക്കാർ ഉത്തരവ് പുനഃപരിശോധിക്കുന്നതിനായി 2016-ൽ ചേർന്ന വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) സർക്കാരിലേക്ക് ശുപാർശ ചെയ്തുവെങ്കിലും 20-3-2017-ലെ 51829/റ്റി3/2017/ആർ.ഡി. നമ്പർ കത്ത് പ്രകാരം സർക്കാർ ടി നടപടി പുനഃപരിശോധിക്കുന്നില്ലെന്ന് അറിയിച്ചിരുന്നു. 31-5-2017-ൽ ചേർന്ന വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) വിഷയം വീണ്ടും പരിശോധിക്കുകയും ടി നടപടി പുനഃപരിശോധിക്കുന്നതിനായി ഒരിക്കൽക്കൂടി സർക്കാരിനോട് ആവശ്യപ്പെടുന്നതിന് ഏകകണ്ഠമായി തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ വീണ്ടും ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിൽ 3-3-2016-ലെ ഉത്തരവ് പുനഃപരിശോധിക്കേണ്ട ആവശ്യമില്ല എന്ന് 11-11-2018-ലെ റവ. റ്റി3-3/2017/റവ. നമ്പർ കത്ത് പ്രകാരം സർക്കാർ ഒരിക്കൽ കൂടി അറിയിച്ചു.

യോഗം ഈ വിഷയം വിശദമായി ചർച്ച ചെയ്തശേഷം ശ്രീ. ജയജോസ് രാജ്, സി. എൽ.-ന് 2016-ലെ സെലക്ട് ലിസ്റ്റിൽ ക്രമനമ്പർ 6 ആയി അനുവദിച്ച പ്രൊവിഷണൽ സ്ഥാനം സ്ഥിരപ്പെടുത്തി നൽകാൻ തീരുമാനിച്ചു.

**2. ശ്രീ. എം. ബാബു (റാങ്ക് നമ്പർ—4591)**

ടിയാനെതിരെ സർക്കാർ ജീവനക്കാരുടെ സമരവുമായി ബന്ധപ്പെട്ട് ഐ.പി.സി. 118, 120 (ബി), 143, 147, 148, 149, 294 (ബി), 323, 341 വകുപ്പുകൾ പ്രകാരം പീരുമേട് പോലീസ് സ്റ്റേഷനിൽ 56/13 നമ്പരായി ക്രൈം കേസ് നിലവിലുണ്ട്. ടി കേസ് ഇപ്പോൾ ബഹുമാനപ്പെട്ട കട്ടപ്പന സെഷൻസ് കോടതി



മുഖേന എസ്.സി.-170/15 നമ്പരായി വിചാരണ നടപടിയിലിരിക്കെ ബഹു. ഹൈക്കോടതിയുടെ 10-8-2017-ലെ സി.ആർ.എം.പി.-4257/2017 (ആർ.പി.-949/2017) നമ്പർ ഉത്തരവുപ്രകാരം കീഴ് കോടതി നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതാണ് (ഇടുക്കി ജില്ലാ കളക്ടറുടെ ഫയൽ നമ്പർ എസ്.എസ്.2-15550/2015, ഗവൺമെന്റ് ഫയൽ നമ്പർ എസ്.എസ്.1-44396/13/പൊ.ഭ.വ.). കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ പ്രൊവിഷണലായി 2018-ലെ സെലക്ട് ലിസ്റ്റിൽ ക്രമനമ്പർ-1 ആയി ഉൾപ്പെടുത്തിയിരുന്നതും 21-2-2018-ന് തഹസിൽദാരായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതുമാണ്.

കേസുകൾ സംബന്ധിച്ച് നിലവിലും മുൻ സാഹചര്യം തുടരുന്നതിനാൽ ടിയാന് പ്രൊവിഷണൽ ആയി അനുവദിച്ച സ്ഥാനം അടുത്ത വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) വരെ തുടരുന്നതിന് യോഗം തീരുമാനിച്ചു.

**3. ശ്രീ. ബാബു, എസ്. (റാങ്ക് നമ്പർ—4374)**

കുന്നത്തൂർ താലൂക്കിലെ ഹെഡ്ക്വാർട്ടേഴ്സ് ഡെപ്യൂട്ടി തഹസിൽദാർ ആയിരിക്കെ കൈക്കൂലിക്കേസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ടിയാനെ അറസ്റ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ വി.സി.1/14/കെ.എൽ.എം. നമ്പരായി വിജിലൻസ് കേസ് നിലവിലുള്ളതും, 22-6-2015-ന് വിചാരണാനുമതി നൽകിയിട്ടുള്ളതുമാണ് (സി.എൽ.ആർ. ഫയൽ നമ്പർ എൽ.ആർ.ഡി.1-6316/2014). 15-6-2016-ലെ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിന് വിധേയമായും ബഹു. വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല എന്ന കാരണത്താലും ടിയാനെ 2016-ലെ സെലക്ട് ലിസ്റ്റിൽ പ്രൊവിഷണലായി ഉൾപ്പെടുത്തിയിരുന്നതും തുടർന്ന് നിയമനാധികാരി ടിയാനെ തഹസിൽദാരായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതുമാണ്. വിജിലൻസ് കേസിൽ നിലവിൽ വിചാരണാനുമതി നൽകിയിട്ടുള്ളതും കോടതി മുമ്പാകെ വിചാരണ ഘട്ടത്തിലുമാണ്. ടി വിജിലൻസ് കേസ് നിലനിൽക്കുന്ന സാഹചര്യത്തിൽ 28-12-2018-ൽ ചേർന്ന വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാന്റെ മുൻ അവസ്ഥ നിലനിർത്തിയിരുന്നു.

ഇത് കൂടാതെ, ഇടുക്കി ജില്ലയിലെ രാജകുമാരി സ്പെഷ്യൽ തഹസിൽദാർ ആയിരിക്കെ പട്ടയം നൽകിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട്, ടിയാനെതിരെ അച്ചടക്ക നടപടി നിലവിലുണ്ട്. കഠിനശിക്ഷ വ്യവസ്ഥ ചെയ്യുന്ന കുറ്റപത്രം എൽ.ആർ.ഡി.6-34118/2018 തീയതി 9-10-2018 പ്രകാരം നൽകിയിട്ടുണ്ട്. ടി കേസിൽ ടിയാൻ നിലവിൽ സസ്പെൻഷനിലാണ് (ഫയൽ നമ്പർ എൽ.ആർ.ഡി.6-34118/2018).

മേൽ വിജിലൻസ് കേസ് നിലനിൽക്കേ തന്നെ മേൽ സൂചിപ്പിച്ചപ്രകാരം പട്ടയം നൽകിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ടിയാന്റെ പേരിൽ കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയിട്ടുള്ളതും നിലവിൽ സസ്പെൻഷനിലുമായതിനാൽ സെലക്ട് ലിസ്റ്റിൽ പ്രൊവിഷണലായി ഉൾപ്പെടുത്തുന്നതിന് പോലും ടിയാന് യോഗ്യത നഷ്ടപ്പെട്ടതായി യോഗം വിലയിരുത്തി. പാർട്ട് II 28(ബി)(i)(7)-ലെ നോട്ട് (iii), (iiiഎ) എന്നീ വ്യവസ്ഥകളുടെ കൂടി അടിസ്ഥാനത്തിൽ ഈ വിഷയം അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) സമഗ്രമായി ചർച്ച ചെയ്യുകയും സമിതിയിൽ നിക്ഷിപ്തമായിട്ടുള്ള വിവേചനാധികാരം ഉപയോഗിച്ച്, 2016-ലെ സെലക്ട് ലിസ്റ്റിൽ ടിയാന് പ്രൊവിഷണലായി നൽകിയിരുന്ന സ്ഥാനം സ്ഥിരപ്പെടുത്തേണ്ടതില്ലെന്നും ടി സെലക്ട് ലിസ്റ്റിൽനിന്നും ടിയാനെ ഒഴിവാക്കുന്നതിനും യോഗം തീരുമാനിച്ചു.

**4. ശ്രീ. കെ. കെ. ഗോപാലകൃഷ്ണൻ (റാങ്ക് നമ്പർ—4445)**

15-6-2016-ലെ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2016-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) പ്രൊവിഷണൽ സ്ഥാനം സംബന്ധിച്ച് പുനഃപരിശോധന നടത്തി നിലവിലെ സ്ഥിതി അടുത്ത വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) വരെ തുടരാൻ തീരുമാനിച്ചിരുന്നു.

വ്യാജപട്ടയം നൽകിയതുമായി ബന്ധപ്പെട്ട വി.സി.3/14/കെ.എൻ.ആർ. നമ്പരായി നിലവിലുള്ള വിജിലൻസ് കേസിൽ നാളിതുവരെ വിചാരണാനുമതി നൽകിയിട്ടില്ല (സി.എൽ.ആർ. ഫയൽ നമ്പർ എൽ.ആർ.ഡി.7-13034/2014). നിലവിൽ മുൻ സാഹചര്യത്തിൽ മാറ്റമില്ല. ടിയാന്റെ പ്രൊവിഷണൽ സ്ഥാനം സംബന്ധിച്ച് പുനഃപരിശോധന നടത്തുകയും നിലവിലെ സ്ഥിതി അടുത്ത വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) വരെ തുടരാൻ യോഗം തീരുമാനിക്കുകയും ചെയ്തു.

**5. ശ്രീ. മോഹൻദാസ്, ജി. (റാങ്ക് നമ്പർ—4531)**

കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽനിന്നും ഒഴിവാക്കി നിർത്തിയിരുന്നു.

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ കുടിവെള്ള വിതരണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട വി.സി.4/14/പി.കെ.ഡി. നമ്പർ വിജിലൻസ് കേസിൽ ഉൾപ്പെട്ടതിനെ തുടർന്ന് 87014/ഡി2/15/ആർ.ഡി. തീയതി 6-4-2016 നമ്പരായി കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി ആരംഭിച്ച അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞു കൊണ്ട് തീർപ്പാക്കി ജി. ഒ. (ആർറ്റി.)/1934/2018/റവ. തീയതി 29-5-2018 നമ്പരായി സർക്കാർ ഉത്തരവായിട്ടുണ്ട്.



പാലക്കാട് ജില്ല, പാലക്കാട് താലൂക്ക്, കണ്ണാടി-1 വില്ലേജിൽ വില്ലേജ് ഓഫീസർ ആയിരിക്കെ ഭൂമി അനധികൃതമായി തരം മാറ്റുന്നതിന് സഹായകമായ നടപടി സ്വീകരിച്ച് ഡെപ്യൂട്ടി തഹസിൽദാർ ശ്രീ ജി. മോഹൻദാസ്-നെതിരായി അഴിമതി നിരോധന നിയമം, ഇൻഡ്യൻ പീനൽ കോഡ് എന്നിവ പ്രകാരം 07/2014/പികെഡി. നമ്പരായി വിജിലൻസ് കേസ് നിലവിലുണ്ട്. കേസന്വേഷണം അന്തിമഘട്ടത്തിലാണ് (സി.എൽ.ആർ. ഫയൽ നമ്പർ എൽ.ആർ.ഡി.2-8854/2015). വിസി-7/14/പികെഡി.-യിൽ നാളിത് വരെ തീർപ്പായിട്ടില്ലാത്തതും കേസ് തുടർന്ന് വരുന്നതുമാകുന്നു.

ടിയാന്റെ സ്ഥാനം സംബന്ധിച്ച് പുനഃപരിശോധന നടത്തി സെലക്ട് ലിസ്റ്റിൽനിന്നും ഒഴിവാക്കി നിർത്തിയ സ്ഥിതി അടുത്ത വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) വരെ തുടരാൻ യോഗം തീരുമാനിച്ചു.

**6. ശ്രീ. സത്യപ്രകാശ്, പി. വി. (റാങ്ക് നമ്പർ—4578)**

ടി ഉദ്യോഗസ്ഥൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്നതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു. നിലവിലും ടി ഉദ്യോഗസ്ഥൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ടിയാനെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽനിന്നും ഒഴിവാക്കാൻ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) യോഗം തീരുമാനിച്ചു.

**7. ശ്രീ. ജിതേഷ് ബാബു, കെ. റ്റി. (റാങ്ക് നമ്പർ—4644)**

ടി ഉദ്യോഗസ്ഥൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്നതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽനിന്നും ഒഴിവാക്കി നിർത്തിയിരുന്നു. നിലവിലും ടി ഉദ്യോഗസ്ഥൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ടിയാനെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽനിന്നും ഒഴിവാക്കാൻ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) യോഗം തീരുമാനിച്ചു.

**8. ശ്രീമതി സുജ വർഗ്ഗീസ് (റാങ്ക് നമ്പർ—4582)**

ടി ഉദ്യോഗസ്ഥ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്നതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാളെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു. നിലവിൽ ടിയാൾ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ആയത് പരിശോധിക്കുകയും വിശദമായ ചർച്ചകൾക്ക് ശേഷം ടിയാളെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.

**9. ശ്രീ. ഷാജഹാൻ റാവുത്തർ, കെ. (റാങ്ക് നമ്പർ—4649)**

ടിയാനെതിരെ കഠിനശിക്ഷയ്ക്കുള്ള നടപടി ഉള്ളതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു.

അനധികൃതമായി പട്ടയം നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ. ഷാജഹാൻ റാവുത്തർക്കെതിരെ 33444/ഡി1/16/ആർ.ഡി. നമ്പരായി സർക്കാരിൽനിന്നും കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി ആരംഭിച്ച അച്ചടക്കനടപടി ജി. ഒ. 3502/2018/ആർ.ഡി. തീയതി 29-8-2018 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 'സെൻഷ്വർ' നൽകി തീർപ്പാക്കിയിട്ടുണ്ട് (സി.എൽ.ആർ. ഫയൽ നമ്പർ എൽ.ആർ.ഡി.7-9826/2017, ഗവൺമെന്റ് ഫയൽ നമ്പർ 3444/ഡി1/16/ആർ.ഡി).

പോക്കുവരവ് ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ. ഷാജഹാൻ റാവുത്തർക്ക് എതിരെ ഡി1/27/2018/റവ. തീയതി 1-8-2018 നമ്പരായി കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം പ്രകാരം സർക്കാർ ആരംഭിച്ച അച്ചടക്കനടപടി നിലവിലുണ്ട്. (സി.എൽ.ആർ. ഫയൽ നമ്പർ എൽ.ആർ.ഡി.7-40798/2018, ഗവൺമെന്റ് ഫയൽ നമ്പർ ഡി1/27/2018/റവ).

അഡ്ഹോക്ക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും ടിയാനെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കി നിർത്തിയ സ്ഥിതി അടുത്ത വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) വരെ തുടരാൻ തീരുമാനിക്കുകയും ചെയ്തു.

**10. ശ്രീമതി ഗീത, കെ. ജി. (റാങ്ക് നമ്പർ—4670)**

ടി ഉദ്യോഗസ്ഥ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്നതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാളെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു. നിലവിലും ടിയാൾ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ടിയാളെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കാൻ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) യോഗം തീരുമാനിച്ചു.



**11. ശ്രീ. ഭരതൻ, വി. വി. (റാങ്ക് നമ്പർ—4700)**

ശിക്ഷാനടപ്പ്കാലം അവസാനിക്കാത്തതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാന്റെ യോഗ്യത വിലയിരുത്തി 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു.

വിജിലൻസ് മിന്നൽ പരിശോധനയെ തുടർന്ന് ശ്രീ. ഭരതൻ, വി.വി.-ക്ക് എതിരായി ആരംഭിച്ച അച്ചടക്കനടപടി, സഞ്ചിത ഫലത്തോടെയല്ലാതെ രണ്ട് വാർഷിക വേതന വർദ്ധനവ് തടഞ്ഞുകൊണ്ട് ജി. ഒ. (ആർറ്റി.)-2573/2016/ആർ.ഡി. തീയതി 17-6-2016 നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണ് (സി.എൽ.ആർ. ഫയൽ നമ്പർ എൽ.ആർ.ഡി.1-41279/2013). നിലവിൽ ടിയാനെതിരായി മറ്റ് അച്ചടക്ക നടപടികളൊന്നും തന്നെയില്ല.

ടിയാന്റെ യോഗ്യത വീണ്ടും വിലയിരുത്തി ടിയാനെതിരെ മറ്റ് അച്ചടക്ക നടപടികളൊന്നും ഇല്ലാത്ത സാഹചര്യത്തിൽ ടിയാനെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) തീരുമാനിച്ചു.

**12. ശ്രീമതി ജയ, വി. സി. (റാങ്ക് നമ്പർ—4794)**

അച്ചടക്ക നടപടി നിലനിന്നിരുന്നതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാളെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽനിന്നും ഒഴിവാക്കി നിർത്തിയിരുന്നു.

അമ്പലപ്പുഴ താലൂക്ക് ഓഫീസിൽ മണ്ണഞ്ചേരി വില്ലേജ് ഓഫീസിന്റെ ചുമതലയുള്ള ഡെപ്യൂട്ടി തഹസിൽദാർ ആയിരിക്കെ മണ്ണഞ്ചേരി വില്ലേജ് ഓഫീസിൽ, 30-11-2014-ൽ വിരമിച്ച ജീവനക്കാരൻ 26-6-2017 വരെ അനധികൃതമായി ജോലി ചെയ്ത വിവരം യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കാതിരുന്നതിന്, ശ്രീമതി ജയ, വി. സി.-ക്കെതിരായി എസ്1-34196/2017 തീയതി 28-7-2017 നമ്പരായി കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി, ആലപ്പുഴ ജില്ലാ കളക്ടർ ആരംഭിച്ച അച്ചടക്കനടപടി എസ്1-34169/2017 തീയതി 27-3-2018 നമ്പർ ഉത്തരവ് പ്രകാരം, താക്കീത് നൽകികൊണ്ട് തീർപ്പാക്കിയിട്ടുണ്ട് (സി.എൽ.ആർ. ഫയൽ നമ്പർ എൽ.ആർ.ഡി.4-33184/2017).

ടിയാൾക്കെതിരെയുള്ള വകുപ്പുതല അച്ചടക്കനടപടി താക്കീത് നൽകി തീർപ്പാക്കിയ സാഹചര്യത്തിലും നിലവിൽ മറ്റ് അച്ചടക്കനടപടികളിൽ ഉൾപ്പെടാത്തതിനാലും വിശദമായ ചർച്ചകൾക്കുശേഷം ടിയാളെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ യോഗം തീരുമാനിച്ചു.

**13. ശ്രീ. രമേശൻ, പി. വി. (Ramasan, P. V.) (റാങ്ക് നമ്പർ—4815)**

ടി ഉദ്യോഗസ്ഥൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്ന തിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു. നിലവിലും ടിയാൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കാൻ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) യോഗം തീരുമാനിച്ചു.

**14. ശ്രീമതി രജീന, എസ്. (റാങ്ക് നമ്പർ—4833)**

അച്ചടക്ക നടപടി നിലനിന്നിരുന്നതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാളെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു.

ചെക്ക് തിരിമറി കേസുമായി ബന്ധപ്പെട്ട് ശ്രീമതി രജീന, എസ്., ജൂനിയർ സൂപ്രണ്ടിന്റെ പേരിൽ കഠിനശിക്ഷ വ്യവസ്ഥ പ്രകാരം, എൽ.ആർ.ഡി1-32185/2016 തീയതി 23-8-2017 നമ്പരായി കുറ്റപത്രം നൽകി ആരംഭിച്ച അച്ചടക്കനടപടി 24-7-2018-ലെ എൽ.ആർ.ഡി.1-32185/2016 തീയതി 24-7-2018 നമ്പർ ഉത്തരവ് പ്രകാരം സെൻഷർ നൽകി തീർപ്പാക്കിയിട്ടുണ്ട് (സി.എൽ.ആർ. ഫയൽ നമ്പർ എൽ.ആർ.ഡി.1-32185/2016).

ടിയാൾക്കെതിരെയുള്ള വകുപ്പുതല അച്ചടക്കനടപടി തീർപ്പാക്കിയ സാഹചര്യത്തിലും നിലവിൽ മറ്റ് അച്ചടക്കനടപടികളില്ലാത്തതിനാലും വിശദമായ ചർച്ചകൾക്കുശേഷം 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ടിയാളെ ഉൾപ്പെടുത്താൻ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) തീരുമാനിച്ചു.

**15. ശ്രീ. സജീവ്, എസ്. (റാങ്ക് നമ്പർ—4847)**

ടി ഉദ്യോഗസ്ഥൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്ന തിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു. നിലവിലും ടിയാൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കാൻ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) യോഗം തീരുമാനിച്ചു.



**16. ശ്രീ. ജെയ്ഷ് സി. ചെറിയാൻ (റാങ്ക് നമ്പർ—4859)**

ടിയാൻ 2017 വർഷത്തിലേക്കുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും അച്ചടക്കനടപടി നിലനിന്നിരുന്നതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാളെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു.

ഉടുമ്പൻചോല താലൂക്കിൽ, പൂപ്പാറ വില്ലേജിലെ റദ്ദു ചെയ്ത പട്ടയത്തിലുൾപ്പെട്ട സർക്കാർ പുറമ്പോക്ക് സ്ഥലത്തിന് കരം സ്വീകരിക്കുന്ന തിന് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയതുമായി ബന്ധപ്പെട്ട് താലൂക്ക് ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ ജെയ്ഷ് സി. ചെറിയാന് എതിരായി കഠിനശിക്ഷാ വ്യവസ്ഥ പ്രകാരം, എൽ.ആർ.ഡി.6-31274/2017 തീയതി 3-7-2017 നമ്പരായുള്ള കുറ്റപത്രം നൽകി ആരംഭിച്ച അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് എൽ.ആർ.ഡി.6-31274/2017 തീയതി 6-8-2018 നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുണ്ട് (സി.എൽ.ആർ. ഫയൽ നമ്പർ എൽ.ആർ.ഡി.6-31274/2017). യോഗം ടിയാന്റെ യോഗ്യത വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കി നിർത്തിയ സ്ഥിതി അടുത്ത വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) വരെ തുടരാൻ തീരുമാനിച്ചു.

**17. ശ്രീമതി സുനിത ജേക്കബ് (റാങ്ക് നമ്പർ—4882)**

ടി ഉദ്യോഗസ്ഥ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്ന തിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാളെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു. നിലവിൽ ടിയാൾ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ആയത് പരിശോധിക്കുകയും വിശദചർച്ചകൾക്ക് ശേഷം ടിയാളെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.

**18. ശ്രീ. അനി, ബി. പി. (റാങ്ക് നമ്പർ—4886)**

അച്ചടക്ക നടപടിക്ക് വിധേയനായതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു.

പൊസഷൻ സർട്ടിഫിക്കറ്റ് നൽകിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ. അനി, ബി. പി.-യ്ക്കെതിരായി എസ്3-35792/2011 തീയതി 23-2-2016 നമ്പരായി കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം ജില്ലാകളക്ടർ പുറപ്പെടുവിച്ച് ആരംഭിച്ച അച്ചടക്കനടപടി കർശന താക്കീത് നൽകിക്കൊണ്ട് തീർപ്പാക്കി, എ3-35792/2011 തീയതി 15-11-2018 നമ്പർ നടപടിക്രമം പ്രകാരം കൊല്ലം ജില്ലാകളക്ടർ ഉത്തരവായിട്ടുണ്ട് (കൊല്ലം ജില്ലാകളക്ടറുടെ ഫയൽ നമ്പർ എസ്3-35792/2011).

ടിയാൾക്കെതിരെയുള്ള വകുപ്പുതല അച്ചടക്കനടപടി താക്കീത് നൽകി തീർപ്പാക്കിയ സാഹചര്യത്തിലും നിലവിൽ മറ്റ് അച്ചടക്കനടപടികളില്ലാത്തതിനാലും വിശദമായ ചർച്ചകൾക്കുശേഷം ടിയാളെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) തീരുമാനിച്ചു.

**19. ശ്രീ. കെ. രാധാകൃഷ്ണൻ (റാങ്ക് നമ്പർ—4907)**

അച്ചടക്ക നടപടിക്ക് വിധേയനായതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു.

പത്തനംതിട്ട പെരിങ്ങനാട് വില്ലേജിലെ സ്ഥലത്തിന് പൊന്നുംവില നടപടികളുടെ ഭാഗമായി തെറ്റായ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് നൽകിയതിന് പെരിങ്ങനാട് വില്ലേജ് ഓഫീസർ ആയിരുന്ന ശ്രീ. കെ. രാധാകൃഷ്ണനെതിരെ എസ്1-4015/2013 തീയതി 27-12-2017 നമ്പർ കുറ്റപത്രം (മേജർ) പ്രകാരം പത്തനംതിട്ട ജില്ലാകളക്ടർ ആരംഭിച്ച അച്ചടക്കനടപടി എസ്1-2958/2018 തീയതി 27-4-2018 നടപടിക്രമം പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവായിട്ടുണ്ട് (സി.എൽ.ആർ. ഫയൽ നമ്പർ എൽ.ആർ.ഡി7-41186/2012).

അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാന്റെ യോഗ്യത ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കി നിർത്തിയ സ്ഥിതി അടുത്ത വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) വരെ തുടരാൻ തീരുമാനിച്ചു.

**20. ശ്രീ. എം. ജി. സാബു (റാങ്ക് നമ്പർ—4925)**

അച്ചടക്കനടപടിക്ക് വിധേയനായതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു.

ശ്രീ. എം. ജി. സാബുവിന്റെ പേരിൽ രണ്ട് വിജിലൻസ് കേസുകൾ നിലവിലുണ്ട്. സർക്കാർ വക ഭൂമിക്ക് പട്ടയം നൽകിയതുമായി ബന്ധപ്പെട്ടും, ചിന്നക്കനാൽ വില്ലേജിലെ തണ്ടപ്പേർ രജിസ്റ്ററിൽ കൃത്രിമം കാണിച്ചതുമായി



ബന്ധപ്പെട്ടതുമായ യഥാക്രമം വി.സി.14/08/ഐ.ഡി.കെ., വി.സി.06/07/ ഐ.ഡി.കെ. എന്നീ രണ്ട് വിജിലൻസ് കേസുകളിലും ടിയാനെതിരായി വിചാരണാനുമതി നൽകിയിട്ടുണ്ട്. ടി കേസുകൾ തീർപ്പായിട്ടില്ല. സി.എൽ.ആർ. ഫയൽ നമ്പർ എൽ.ആർ.ഡി.6-21010/2007, സി.എൽ.ആർ. ഫയൽ നമ്പർ എൽ.ആർ.ഡി.6-44231/2007.

ടി സാഹചര്യം നിലവിലും തുടരുന്നതിനാൽ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കി നിർത്തിയ സ്ഥിതി അടുത്ത വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) വരെ തുടരാൻ യോഗം തീരുമാനിച്ചു.

**21. ശ്രീ. ശിവദാസ്, കെ. (റാങ്ക് നമ്പർ—5003)**

ടി ഉദ്യോഗസ്ഥൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്നതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു. നിലവിലും ടിയാൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ടിയാനെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കാൻ യോഗം തീരുമാനിച്ചു.

**22. ശ്രീ. സെബാസ്റ്റ്യൻ ജോസഫ് (റാങ്ക് നമ്പർ—5005)**

ടി ഉദ്യോഗസ്ഥൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്നതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു. ടിയാൻ 31-5-2018-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. ഈ സാഹചര്യത്തിൽ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടി വിഷയം ചർച്ച ചെയ്യുകയും ടിയാൾ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ഫീൽഡ് ഓഫ് ചോയ്സിൽ നിന്നും ഒഴിവാക്കാൻ യോഗം തീരുമാനിക്കുകയും ചെയ്തു.

**23. ശ്രീമതി ജ്യോതി, വി. ബി. (റാങ്ക് നമ്പർ—5022)**

ടി ഉദ്യോഗസ്ഥ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്നതിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു. നിലവിലും ടിയാൾ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ടിയാനെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കാൻ യോഗം തീരുമാനിച്ചു.

**24. ശ്രീമതി ബിന്ദു, കെ. (റാങ്ക് നമ്പർ—5024)**

ടി ഉദ്യോഗസ്ഥ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്ന തിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാളെ 2018-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു. ടിയാൾ 2018 ജനുവരിയിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ആയത് പരിശോധിക്കുകയും വിശദചർച്ചകൾക്ക് ശേഷം ടിയാൾ ടിയാളെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.

**25. ശ്രീമതി ശ്രീകല, എ. എസ്. (റാങ്ക് നമ്പർ—5044)**

ടി ഉദ്യോഗസ്ഥ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്ന തിനാൽ കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാളെ 2018-ലേക്കുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു. നിലവിൽ ടിയാൾ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ അഡ്ഹോക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ആയത് പരിശോധിക്കുകയും വിശദചർച്ചകൾക്ക് ശേഷം ടിയാൾ ടിയാളെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.

**26. ശ്രീമതി ഗീത, സി. (റാങ്ക് നമ്പർ—5009)**

കഴിഞ്ഞ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ക്രമനമ്പർ 90 ആയി ഉൾപ്പെടുത്തിയിരുന്നു. തൃശ്ശൂർ ജില്ലാ കലക്ടർ എസ്.എസ്.1-55895/10 എന്ന ഫയലിൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചതിനെ തുടർന്ന് ടിയാൾക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നില്ല.

കെ.എസ്. ആന്റ് എസ്.എസ്.ആർ. റൂൾ 28 അനുസരിച്ച് ടിയാളെ പ്രമോഷന് പരിഗണിക്കുന്നതിനായി ബഹു. കെ.എ.റ്റി. മുമ്പാകെ ഒഎ-2174/2018 എന്ന നമ്പരായി ആപ്ലിക്കേഷൻ ഫയൽ ചെയ്തിട്ടുണ്ട്.



ശ്രീമതി സി. ഗീത ചെറുതുരുത്തി-നെടുമ്പുര ഗ്രൂപ്പ് വില്ലേജാഫീസറായി സേവനമനുഷ്ഠിച്ച് വരവെ വില്ലേജ് പിരിവ് നാൾവഴി എഴുതാത്തതും അടവ് വിവരങ്ങൾ കൃത്യമായി നാൾവഴിയിൽ രേഖപ്പെടുത്താത്തതും, ഹാജർ പുസ്തകം, പേഴ്സണൽ കാഷ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, തപാൽ രജിസ്റ്റർ, പോക്ക് വരവ് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി പരിപാലിക്കാത്തതും സംബന്ധിച്ച് തൃശ്ശൂർ ജില്ലാകളക്ടർ ആരംഭിച്ച അച്ചടക്കനടപടിയിൽ 28-11-2017 തീയതിയിലെ എസ്. എസ്. 1-59842/2012 നമ്പർ നടപടിക്രമപ്രകാരം ടിയാളുടെ 2 വാർഷികശമ്പളവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ് ഉത്തരവായിരുന്നു. ടിയാൾ സമർപ്പിച്ച അപ്പീൽ പരിശോധിച്ചശേഷം ലാൻഡ് റവന്യൂ കമ്മീഷണർ 11-10-2018-ലെ എൽ.ആർ.ഡി.2-19984/2018 നമ്പർ നടപടി ക്രമപ്രകാരം ജില്ലാകളക്ടറുടെ ടി ഉത്തരവ് റദ്ദാക്കുകയും നടപടിക്രമങ്ങൾ നിയമാനുസൃതം പൂർത്തീകരിച്ച് 3 മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. അതനുസരിച്ച് തൃശ്ശൂർ ജില്ലാകളക്ടർ 15-11-2018-ന് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ, തൃശ്ശൂർ കളക്ടറേറ്റ് പരിശോധനാവിഭാഗം 14-7-2011 തീയതിയിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ മറ്റൊരു അച്ചടക്കനടപടി കൂടി ടിയാൾക്കെതിരെ ആരംഭിച്ചിരുന്നു. മുൻ തലശ്ശേരി-തിച്ചൂർ-ആറങ്ങോട്ടുകര ഗ്രൂപ്പ് വില്ലേജാഫീസറായി ജോലി ചെയ്ത് വരവെ നാൾവഴി, പോക്ക് വരവ് രജിസ്റ്റർ, ചാർജ്ജ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കാത്തതും ആറങ്ങോട്ടുകര ഗ്രൂപ്പ് വില്ലേജാഫീസിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാതെ ചെറുതുരുത്തി-നെടുമ്പുര ഗ്രൂപ്പ് വില്ലേജാഫീസിൽ ചുമതലയേറ്റെടുത്തതും സംബന്ധിച്ചും പോക്കുവരവിനായി ശ്രീ. ഉണ്ണിക്കൃഷ്ണൻ എന്നയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ തലപ്പിള്ളി താലൂക്ക് അഡീഷണൽ തഹസിൽദാർ നൽകിയ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനും ടിയാൾക്കെതിരെ നിയമാനുസൃതം സ്വീകരിച്ച അച്ചടക്കനടപടിയുടെ ഭാഗമായി തൃശ്ശൂർ ജില്ലാകളക്ടർ 16-11-2018-ൽ ടിയാളെ നേരിൽ കേൾക്കുകയും 29-11-2018-ലെ എസ്.എസ്.1-55895/10 നടപടിക്രമപ്രകാരം ടിയാളുടെ 2 വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടയുകയും ചെയ്തു.

ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കേണ്ട വില്ലേജാഫീസർ തസ്തികയിലെ ജോലി നിരുത്തരവാദപരമായി കൈകാര്യം ചെയ്തതിനേയും വിവിധ വില്ലേജാഫീസുകളിൽ വ്യത്യസ്ത സാഹചര്യങ്ങളിൽ ജോലി ചെയ്യുമ്പോഴും ആവർത്തനസ്വഭാവത്തോടെ കൃത്യവിലോപം നടത്തിയതിനേയും വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ഗൗരവമായി കാണുകയും വളരെയധികം ഉത്തരവാദിത്വമുള്ള തഹസിൽദാർ തസ്തികയിലേക്ക് പരിഗണിക്കുന്നതിന്

പൂർവ്വകാല ചെയ്തികളുടെ അടിസ്ഥാനത്തിൽ ടിയാളുടെ യോഗ്യതയും കഴിവും പരിശോധിക്കുമ്പോൾ ശ്രീമതി. സി. ഗീത അർഹയല്ലെന്ന് യോഗം വിലയിരുത്തുകയും 28-12-2017-ലെ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ടിയാളെ 2018-ലേക്കുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയ നടപടി കെ.എസ്. ആന്റ് എസ്.എസ്.ആർ. റൂൾ പാർട്ട് II 28(ബി)(i)(7)-ലെ നോട്ട് (iii), (iiiഎ) എന്നീ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിച്ച് വിശദമായ ചർച്ചകൾക്ക് ശേഷം ടി സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കി നിർത്തുന്നതിന് തീരുമാനിച്ചു.

2018-ലേക്കുള്ള സെലക്ട് ലിസ്റ്റിൽ നിന്നും 19-4-2018-ലെ സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ നിന്നും അർഹരായ എല്ലാവർക്കും തഹസിൽദാർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിക്കഴിഞ്ഞ സാഹചര്യത്തിൽ 2018 വർഷത്തിൽ നിലവിലുള്ളതും പ്രതീക്ഷിക്കുന്നതുമായ 15 ഒഴിവുകളിലേക്ക് ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെട്ട ജീവനക്കാരുടെ യോഗ്യതയും കഴിവും (Merit and Ability) സീനിയോറിറ്റിയും പരിഗണിച്ച് വിശദമായ പരിശോധനകൾക്കുശേഷം 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ചുവടെ ചേർത്തവരെ ഉൾപ്പെടുത്താതെ ഒഴിവാക്കാൻ യോഗം തീരുമാനിച്ചു:

**1. ശ്രീ. മുഹമ്മദ് സലിം, കെ. ബി. (റാങ്ക് നമ്പർ—4695)**

ടി ഉദ്യോഗസ്ഥൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ടിയാനെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കാൻ യോഗം തീരുമാനിച്ചു.

**2. ശ്രീ. രമേഷ്, എസ്. (റാങ്ക് നമ്പർ—4708)**

ശ്രീ. രമേഷ്, എസ്., തിരുവനന്തപുരം കളക്ടറേറ്റ് ഇലക്ഷൻ വിഭാഗത്തിലിരിക്കെ നടത്തിയ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ചുള്ള വി.സി.4/2016/ടി.വി.എം. നമ്പർ കേസിൽ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട് (എൽ.ആർ.ഡി.3-13559/15 തീയതി 7-6-2018). കുറ്റപത്രം വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യം അഡ്ഹോക്ക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളെ 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് അഡ്ഹോക്ക് വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) യോഗം ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെട്ട ജീവനക്കാരുടെ യോഗ്യതയും കഴിവും (Merit and Ability) സീനിയോറിറ്റിയും പരിഗണിച്ച് ചുവടെ ചേർത്തിരിക്കും പ്രകാരം 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റിന് അംഗീകാരം നൽകി:



## 2018-ലേക്കുള്ള സപ്ലിമെന്ററി സെലക്ട് ലിസ്റ്റ്

| ക്രമനമ്പർ | ഡെ.തഹസിൽദാർ/ ജെ.എസ്. റാങ്ക് നമ്പർ | ഡി.ആർ.ബി. | ജീവനക്കാരന്റെ പേര് | ജനനത്തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 4468 എ | EKM | ഉമാശങ്കർ, കെ. ഡി. | 15-10-1965 |
| 2 | 4582 | KLM | സുജാ വർഗീസ് | 3-5-1970 |
| 3 | 4625 | KTM | മോഹനകുമാർ, ആർ. | 30-5-1966 |
| 4 | 4700 | MLP | ഭരതൻ, വി. വി. | 30-4-1965 |
| 5 | 4794 | ALP | ജയ, വി. സി. | 20-5-1969 |
| 6 | 4833 | TVM | റെജീന, എസ്. | 3-3-1966 |
| 7 | 4882 | EKM | സുനിതാ ജേക്കബ് | 24-4-1975 |
| 8 | 4886 | KLM | അനി, ബി. പി. | 22-5-1973 |
| 9 | 4926 | KTM | മിനിമോൾ, പി. ജി. | 30-5-1970 |
| 10 | 5016 | MLP | രഘുനാഥൻ, പി. | 1-3-1966 |
| 11 | 5024 | PKD | ബിന്ദു, കെ. | 20-5-1972 |
| 12 | 5037 | PTA | മുഹമ്മദ് നവാസ്, കെ.എച്ച്. | 31-5-1972 |
| 13 | 5044 | TVM | ശ്രീകല, എ. എസ്. | 20-5-1973 |
| 14 | 5051 | KNR | ഷേർലി വെള്ളുവളടത്തിൽ | 31-5-1974 |
| 15 | 5053 | MLP | ഉണ്ണികൃഷ്ണൻ, പി. എസ്. | 22-12-1965 |

എ. റ്റി. ജെയിംസ്, ഐ.എ.എസ്.,
*കമ്മീഷണർ ആന്റ് കൺവീനർ,*
*വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ),*
*ലാൻഡ് റവന്യൂ വകുപ്പ്.*